## 9. തന്ത്രവും ധീരതയും

കാര്യം സാധിക്കാൻ ചിലപ്പോൾ ശത്രുവിൻെറ
സഹായവും ഉപകരിച്ചേക്കാം. പക്ഷേ,
അത് ഉപയോഗപ്പെടുത്തുന്നത് നല്ലതു പോലെ
ആലോചിച്ചുകൊണ്ടാകണം. കാര്യങ്ങളെ
ഭയപ്പെട്ടുനില്ക്കൽ നല്ലതല്ല.

"പൂച്ച നമ്മെ ദിവസേന പിടിച്ചുതിന്നുകയാണ്. നമ്മുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇക്കണക്കിന് പോയാൽ എലികൾ ഈ നാട്ടിൽ ഇല്ലാതെയാകും. ഇനി എന്ത് ചെയ്യും? എങ്ങനെയെങ്കിലും പൂച്ചയുടെ ശല്യം അവസാനിപ്പിക്കണം. എന്താണ് ഒരു പോംവഴി?" എലികൾ തങ്ങളുടെ മാളത്തിൽ യോഗം ചേർന്ന് കൂടിയാലോചിച്ചു. പലരും പല ആഭിപ്രായവും പറഞ്ഞു. അതൊന്നും ഫലപ്രദമായിരുന്നില്ല. ഒരു തീരുമാനവും കാണാനാകാതെ യോഗം നീണ്ടുപോയി.

പൂച്ച ഉണർന്ന് വരാറായി. എന്തെങ്കിലും ഒരു പോംവഴി കണ്ടേ പറ്റൂ. അവർ പരസ്പരം പറഞ്ഞു.



എലികളുടെ കൂട്ടത്തിൽ ഒരു വികൃതിപ്പയ്യനുണ്ടായിരുന്നു. അവിടെ നടക്കുന്ന ചർച്ചയുടെ ഗൗരവമൊന്നും അവനത്ര കാര്യമാക്കിയിരുന്നില്ല.

അവൻ ചിരിച്ചുകൊണ്ട് വിളിച്ചു പറഞ്ഞു:

"ഞാനൊരു കാര്യം പറയട്ടെ."

"താൻ പോടാ. വലിയവർ കാര്യം തല കുത്തിനിന്ന് ചിന്തിക്കുമ്പോഴാണോ നീ കളിക്കുന്നത്?" ചിലർ അവനെ വിരട്ടി.

"അതിന് ഇവിടെ ആരും തലകുത്തി നില്ക്ക്ണത് കാണുന്നില്ലല്ലോ." അവർ തർക്കുത്തരം പറഞ്ഞു.

"അവൻ പറയട്ടെ. ചിലപ്പോൾ ഉപകാരപ്പെട്ടാലോ? ചിലർ പറഞ്ഞു.

"അതുതന്നെ. നമുക്ക് പൂച്ചയുടെ കഴുത്തിൽ ഒരു മണി കെട്ടാം. എന്താ? അങ്ങനെയായാൽ അവൻ വരുന്നത് എല്ലാവർക്കും അറിയാമല്ലോ. അപ്പോൾ നമുക്ക് ഓടിരക്ഷപ്പെടാം." അവൻ സദസ്സിനെ ഒന്ന് നോക്കി.

അത് തരക്കേടില്ലെന്നായി എല്ലാവരും. പക്ഷേ, ഒരു പ്രശ്നം. ആരാ പൂച്ചയുടെ കഴുത്തിൽ മണി കെട്ടുക?

ആരും ഒന്നും പറഞ്ഞില്ല. പൂച്ചയുടെ മുമ്പിൽ ചെന്നു നിന്നിട്ടുവേണ്ടേ കഴുത്തിൽ മണികെട്ടാൻ? അതോർത്തപ്പോൾ തന്നെ അവർ വിറക്കാൻ തുടങ്ങി. ഒടുവിൽ വികൃതിപ്പയ്യൻ പറഞ്ഞു:

"അതും ഞാൻ തന്നെ ആയിക്കോളാം. പക്ഷേ, ഒരു കാര്യം. എലികളുടെ ആസ്ഥാന ഹീറോ ആയി എന്നെ അംഗീകരിക്കണം." എലികൾ അത് സമ്മതിച്ചു.

വികൃതിപ്പയ്യൻ നേരെ പോയത് ടി.വിയുടെ ചുവട്ടിലേക്കാണ്. അവിടെയാകുമ്പോൾ പൂച്ച വരുന്ന പ്രശ്നവുമില്ല.

കാര്യം സാധിക്കാൻ ഇനി ചില തന്ത്രങ്ങൾ ഒരുക്കണം. അതിന് ആ വീട്ടിലെ ചെറിയ പയ്യനുമായി ചങ്ങാത്തത്തിലാകണം. അതിനാണ് എലിക്കുട്ടി ടി.വി റൂം തന്നെ തിരഞ്ഞെടുത്തത്.



പയ്യൻ തനിച്ചിരുന്നാണ് ടി.വി. കാണുന്നത്. മിക്കിമൗസ് സീരിയലോ അല്ലെങ്കിൽ അതിൻെറ സി.ഡിയോ ആകും മിക്കപ്പോഴും അവൻ കാണുന്നതെന്ന് എലിക്കുട്ടിക്കറിയാം. ഏതായാലും അവനുമായി ചങ്ങാത്തത്തിലാകണം. എലിക്കുട്ടി ഉറപ്പിച്ചു.

ഊണ് കഴിഞ്ഞ നേരം. പതിവുപോലെ പയ്യൻ ടി.വി. റൂമിലേക്ക് വന്നു ടി.വി. ഓണാക്കി. സി.ഡിയിട്ട് ടി.വിക്കു മുമ്പിലിരിപ്പായി.

പരിപാടി മിക്കി മൗസ് തന്നെ. ശബ്ദം കേട്ടാൽ അറിയാം. എലിക്കുട്ടി ഉറപ്പിച്ചു. പരിപാടി നടന്നുകൊണ്ടിരിക്കെ പെട്ടെന്നവൻ ടി.വിയുടെ മുമ്പിലേക്ക് വന്നു നൃത്തം ചെയ്യാൻ തുടങ്ങി. അതുകണ്ട് പയ്യൻ ആദ്യം അമ്പരന്നെങ്കിലും പിന്നീട് കൈയടിച്ചു ചിരിച്ചുതുടങ്ങി.

എലിക്കുട്ടി നൃത്തം തുടർന്നു. മെല്ലെ മെല്ലെ പയ്യനും കൂടെ കൂടി. പെട്ടെന്നാണ് പൂച്ച കരഞ്ഞത്. എലിക്കുട്ടി ഭയപ്പെട്ട് ഓടിമറഞ്ഞു. അതോടെ പയ്യന്റെ സന്തോഷവും മറഞ്ഞു. അവൻ പൂച്ചയുടെ നേരെ ഒച്ചയെടുത്തു.

അടുത്ത ദിവസവും അതുപോലെ സംഭവിച്ചു. അന്ന് എലിക്കുട്ടിയോട് പയ്യൻ ചോദിച്ചു: "നിന്റെ സിനിമാറ്റിക് കലക്കിയല്ലോ. നിന്നെ ആരാ ഇങ്ങനെ പഠിപ്പിച്ചത്?"

"ടി.വി. കണ്ട് പഠിച്ചതാ. നിനക്ക് ഇഷ്ടായോ?"

"ഓ."

"നിനക്ക് വേണമെങ്കിൽ ഞാൻ പഠിപ്പിച്ചുതരാം."

പയ്യൻ വേണമെന്നു പറഞ്ഞു. അതിനിടയിൽ എലിക്കുട്ടി ചോദിച്ചു:

"നീ പൂച്ചയെ പോറ്റുന്നത് എലികളെ പിടിക്കാനല്ലേ?"

"അതെ."

"അപ്പോൾ അത് എന്നെയും പിടിക്കും അല്ലേ? ഇനി ഞാൻ ഇവിടെ വരില്ല."

"നീ പോകരുത്. നീ എന്റെ കൂട്ടുകാരനല്ലേ? ഞാൻ നിന്നെ പൂച്ചക്ക് കൊടുക്കില്ല." പയ്യൻ പറഞ്ഞു.

"ശരി. എന്നാൽ ഞാൻ പോകുന്നില്ല. പക്ഷേ, ഒരു കാര്യമുണ്ട്."

"എന്താ?"

"പൂച്ചയുടെ കഴുത്തിൽ ഒരു മണി കെട്ടുന്നത് നല്ല ഭംഗിയായിരിക്കും. ആന എത്ര വലിയ ജീവിയാണ്? അതിന്റെ കഴുത്തിൽ മണി കണ്ടിട്ടില്ലേ?"



"ശരിയാണ് നീ പറഞ്ഞത്. ഞാൻ ഇന്നു തന്നെ അതിന്റെ കഴുത്തിൽ ഒരു മണി കെട്ടുന്നുണ്ട്." പയ്യൻ പറഞ്ഞു.

അന്നുതന്നെ അവൻ പൂച്ചയുടെ കഴുത്തിൽ മണി കെട്ടിത്തൂക്കി. പൂച്ച ഇളകുമ്പോഴെല്ലാം മണി ഇളകി ശബ്ദിച്ചു. അതോടെ എലികൾക്ക് ആ വീട്ടിൽ സ്വൈരവിഹാരത്തിന് ധൈര്യം ലഭിച്ചു.

*മിത്രത്തെ സമ്പാദിക്കുന്നത് സ്വയം അബദ്ധം ചെയ്തുകൊണ്ടാകരുത്. തന്നെക്കാൾ ശക്തനായ ശത്രുവിനെ നേരിടാൻ തന്ത്രവും ധൈര്യവുമാണ് ആവശ്യം.*